## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 801 09/11/2016 -ൽ മറുപടിയ്ക്ക്

### മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. ആർ. കേളു<br>,, കെ.കുഞ്ഞിരാമൻ<br>,, കെ. ദാസൻ<br>,, കെ.വി.വിജയദാസ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ചെറുകിട ക്ഷേത്രങ്ങളിലെ മൂവായിരത്തോളം ജീവനക്കാർക്ക് രണ്ടുവർഷമായി ശമ്പളം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കാൻ ദേവസ്വം ബോർഡിനോട് ആവശ്യപ്പെടുമോ; | എ) ക്ഷേത്രഭരണാധികാരികൾ യഥാസമയം മതിയായ കണക്കുകൾ സഹിതം അപേക്ഷ സമർപ്പിക്കാത്തതിനാൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാതെ വരുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. |
| ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പളം അവസാനമായി എന്നാണ് പരിഷ്കരിച്ചത്; സേവനവേതന പരിഷ്കരണം നടപ്പാക്കാതിരിക്കാൻ കാരണമെന്താണെന്ന് അറിയിക്കാമോ; | ബി) 01/03/2009 പ്രാബല്യത്തിലാണ് ക്ഷേത്രജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്ക്കരിച്ചിട്ടുള്ളത്. സേവനവേതന പരിഷ്കരണം നടപ്പാക്കരുത് എന്ന് തീരുമാനമെടുത്തിട്ടില്ല. |
| സി) ക്ഷേത്രങ്ങൾക്ക് വരുമാനം ഉണ്ടാക്കാനായി ഹൈക്കോടതി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; ഇവയിൽ ഏതെങ്കിലും അംഗീകരിച്ച് പ്രാവർത്തികമാക്കിയോ; ഇല്ലെങ്കിൽ പകരം എന്തുമാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം കൈകാര്യം ചെയ്യുന്നതും ദൈനം ദിന ക്ഷേത്രഭരണം നടത്തുന്നതും അതാത് ക്ഷേത്രഭരണാധികാരികളാണ്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 116/2009 ആർ.ഡി തീയ്യതി: 28.02.2009 പ്രകാരം ക്ഷേത്രജീവനക്കാരുടെ ശമ്പളാവശ്യത്തിലേക്ക് ക്ഷേത്രവരുമാനത്തിന്റെ 50% മാറ്റിവയ്ക്കുന്നതിനും ശമ്പളാവശ്യത്തിന് തികയാതെ വരുന്ന ബാക്കി തുക മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പ്രധാനമായും അതാത് ക്ഷേത്രത്തിലെ വരുമാനത്തിൽ നിന്നുമാണ് ചിലവ് ചെയ്യേണ്ടത്. |

ബഹു. ഹൈക്കോടതി ഒ. പി നമ്പർ 214/1992 തീയ്യതി: 21.07.1994 പ്രകാരമുള്ള സുദീർഘമായ വിധിന്യായത്തിൽ ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് കൃത്യമായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

1) ക്ഷേത്രങ്ങളുടെ അന്തിമ വർഷാശനം ഒരു വർഷത്തിനകം നിശ്ചയിക്കേണ്ടതും ആയത് താമസം കൂടാതെ അനുവദിക്കേണ്ടതുമാണ്.

2) കാലാകാലങ്ങളിൽ വർഷാശനം പരിഷ്ക്കരിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

3) നിക്ഷിപ്ത ദേവസ്വം വനഭൂമിയിൽ നിന്നുള്ള വരുമാനം പൂൾ ചെയ്ത് കോമൺ ഫണ്ട് രൂപീകരിച്ച് അതിൽ നിന്നും ക്ഷേത്രജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ക്ഷേത്രാവശ്യങ്ങൾക്ക് ഉപയുക്തമാക്കണം.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളിൽ ക്ഷേത്രങ്ങളുടെ അന്തിമ വർഷാശനം നിജപ്പെടുത്തൽ, വർഷാശനം പരിഷ്ക്കരിക്കൽ എന്നീ നിർദ്ദേശങ്ങൾ മിക്കവാറും ക്ഷേത്രങ്ങളുടെ കാര്യത്തിൽ നടപ്പിലാക്കി. വരുമാനവർദ്ധനവടക്കമുള്ള മൂന്നാമത്തെ നിർദ്ദേശം നടപ്പിലാക്കുന്നത് സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ